## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2840** **28-02-2023 - ൽ മറുപടിയ്ക്ക്**

## പാലപ്പിള്ളിയിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള പാലപ്പിള്ളി റെയിഞ്ചിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനും കാട്ടാനക്കൂട്ടം ഉൾപ്പെടെയുള്ളവയെ വനത്തിലേക്ക് തിരിച്ചു വിടുന്നതിനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പാലപ്പിള്ളി റെയ്ഞ്ചിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലേക്കിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ച് വിടുന്നതിന് കൂടുതൽ വാച്ചർമാരെ നിയോഗിച്ചും, വന്യമൃഗസാന്നിദ്ധ്യം അറിഞ്ഞാൽ ഉടനെ SMS അലെർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാനിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ ഹാരിസൺ മലയാളം ലിമിറ്റഡ്, കൊച്ചിൻ മലബാർ ലിമിറ്റഡ് പ്ലാൻറേഷൻ ജോലിക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന് (രാവിലെ 5.30-നു ശേഷമാക്കുന്നതിന്) കമ്പനി സീനിയർ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എലിക്കോട് ട്രൈബൽ കോളനി (2.5 കി.മി), നടാംപാടം മുതൽ പുലിക്കണ്ണി (2.5 കി.മി), ചീനിക്കുന്ന് ട്രൈബൽ കോളനി (1 കി.മി) എന്നിവിടങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കള്ളിചിത്ര കോളനിക്കുചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വന്യമിത്രയുടെ യോഗം 01.11.22, 04.11.2022 തീയതികളിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ ജനപ്രതിനിധികളും, ജീവനക്കാരും കൂടി ചേരുകയും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എടുക്കേണ്ട മുൻ കരുതലുകളെക്കുറിച്ച് നടത്തിയ ചർച്ചയിൽ നിന്നും വന്യജീവികൾ ജനവാസ മേഖലയിലേക്ക് വനത്തിൽ നിന്നും ഇറങ്ങി വരുന്ന ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും, സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത 5, 6, 8 വാർഡുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പാലപ്പിള്ളിയിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉറപ്പ് വരുത്തുന്നതിനും വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും ആവശ്യമായ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ചാലക്കുടി ഡിവിഷനിൽ റാപ്പിഡ് റെസ്പോൺസ് ടീം ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ